**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 190** **22-02-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 22.09.2021 ലെ സ.ഉ.(കൈ) നം. 168/2021/ ആ.കു.വ എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് നഴ്സ് -7, ഫാർമസിസ്റ്റ്-2, ക്ലാർക്ക് - 2, ഓഫീസ് അറ്റൻഡന്റ് -1 എന്നീ 12 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടെന്നും എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (ബി) | സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സ ദേശീയ നിലവാര സൂചികയായ ലക്ഷ്യ നിലവാരത്തിൽ 100 പേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യത്തോടെയാണ് ആശുപത്രിയ്ക്ക് വേണ്ടി കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ വൈദ്യുതീകരണ ജോലികൾ അന്തിമഘട്ടത്തിലാണ്. ട്രാൻസ്ഫോർമറിന്റേയും ജനറേറ്റിന്റേയും കണക്ഷൻ സംബന്ധമായ ജോലികൾ നടന്നുവരികയും ചെയ്യുന്നു. ടി പ്രവൃത്തികൾ പൂർത്തിയായി അനിവാര്യമായ ജീവനക്കാരെയും ഉപകരണങ്ങളും ലഭ്യമാക്കുന്നമുറയ്ക്ക് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ